തണ്ണീർത്തടങ്ങൾ എന്ന നിലയിൽ ഒട്ടനവധി പാരിസ്ഥിതിക സേവനങ്ങൾ നിശബ്ദമായി നിർവ്വഹിച്ചിരുന്ന വയലേലകളുടെ പ്രാധാന്യം പൂർണ്ണമായി ഉൾക്കൊള്ളുന്നതിൽ നാം വൈകിപ്പോയിരിക്കുന്നു എന്ന് കാർഷിക സർവ്വകലാശാല അദ്ധ്യാപിക

**ഡോ.പി. ഇന്ദിരാദേവി**

# വയലുകളില്ലാതെ വലയുന്ന മനുഷ്യകുലമായി നാം പരിണമിക്കുമോ ?

**തൊള്ളായിരത്തി** എൺപതുകളിൽ കേരള സർക്കാരിനു സമർപ്പിക്കപ്പെട്ട ഒരു പഠന റിപ്പോർട്ട് ഓർമ്മ വരുന്നു. നെല്ലുല്പാദനം നമുക്ക് ലാഭകരമല്ലാത്ത സംഗതിയാണെന്നും, വിദേശനാണ്യം നേടിത്തരാൻ കെൽപുള്ള നാണ്യവിളകളെയാണ് സംസ്ഥാനം പ്രോത്സാഹിപ്പിക്കേണ്ടതെന്നും വിദഗ്ദ്ധ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. നമുക്കാവശ്യമായ അരി കേന്ദ്രം നൽകണമെന്നും ശുപാർശയുണ്ട്, ഭാഗ്യത്തിന് വീണ്ടും ഈ പഠനം പരാമർശിക്കേണ്ടിവരുന്നത് ഒരു പ്രളയകാലത്തിലാണ്. നെൽപ്പാടങ്ങളെ ഉത്പാദന സാധ്യതയുടെ അടിസ്ഥാനത്തിൽമാത്രം വിലയിരുത്തിയതിന്റെ പരിണിതഫലം നാമിന്നനുഭവിക്കുകയാണ്, വരൾച്ചയായും പ്രളയമായും. തണ്ണീർത്തടങ്ങൾ എന്ന നിലയിൽ ഒട്ടനവധി പാരിസ്ഥിതിക സേവനങ്ങൾ നിശബ്ദമായി നിർവ്വഹിച്ചിരുന്ന വയലേലകളുടെ പ്രാധാന്യം പൂർണ്ണമായി ഉൾക്കൊള്ളുന്നതിൽ നാം വൈകിപ്പോയെങ്കിൽ അതിനു കാരണം ഇവയെല്ലാം തന്നെ നാമറിയാതെ, വില നൽകാതെ നമുക്ക് നൽകുന്നതിൽ പ്രകൃതിമാതാവ് ശ്രദ്ധാലുവായിരുന്നു എന്നതാണ്. ഇന്ന് മാതാവ് പോലും ക്ഷീണിതയായിക്കഴിഞ്ഞിരിക്കുന്നു, ദുഃഖിതയും.

വൃക്ഷനിബിഢമായി മലകളും കുന്നുകളും പിടിച്ചുവെച്ചതിന്റെ ബാക്കി മഴവെള്ളം ഒഴുകിയിറങ്ങിയപ്പോൾ സംഭരിച്ചുവെച്ച് ഭൂഗർഭത്തിലേക്കിറക്കി, മഴക്കാലത്ത് വെള്ളപ്പൊക്കത്തിൽനിന്നും രക്ഷ നൽകുമ്പോൾതന്നെ വേനലിൽ നമ്മുടെ കുടിവെള്ളം കരുതിവെച്ചു നമ്മുടെ വയലേലകൾ. ഭൂഗർഭത്തിലേക്കൊഴുകിയിറങ്ങിയ ജലം അരിച്ച് ശുദ്ധീകരിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരുന്നു വയലുകൾ. മഴവെള്ളത്തിലൂടെ ഒഴുകിയെത്തിയ എക്കൽ, ഭൂമിയെ ഫലഭൂയിഷ്ഠമാക്കി.

പോഷകസമ്പന്നമായ വയലേലകൾ അനേകം ജീവജാലങ്ങളുടെ വാസസ്ഥലമായി. പാരസ്പര്യത്തിൽ സുസ്ഥിര ഉല്പാദനക്ഷമത മാത്രമല്ല ഉറപ്പായത്, നമ്മുടെ ഭക്ഷണ വൈവിദ്ധ്യവും വർദ്ധിച്ചു. ഞണ്ടുകളും ഞവിണികളും ഗ്രാമീണസ്ത്രീകളുടെ കാത്സ്യം ലഭ്യത ഉറപ്പാക്കി. ഭക്ഷണശൃംഖലയിലെ ഓരോ ജീവിയും തങ്ങളുടെ അവകാശങ്ങൾ ആസ്വദിച്ചപ്പോൾതന്നെ ഉത്തരവാദിത്തങ്ങളും നിറവേറ്റി. ഓരോ ജീവിയുടെയും സേവനം പ്രകൃതി നന്ദിപൂർവ്വം സ്വീകരിച്ച് പ്രകൃതിയും കൃഷിയും പരസ്പര സംരക്ഷണം തീർത്തു.

ഗ്രാമീണ സാമൂഹികജീവിതത്തിലും നെൽവയലുകൾക്ക് പ്രധാന പങ്കുണ്ട്. കൃഷി, പ്രത്യേകിച്ച് നെൽകൃഷി പരസ്പര സഹകരണത്തിന്റെയും പങ്കിടലിന്റെയും ഉദാത്തമായ ഉദാഹരണമാണ്. വിത്തു മുതൽ ജലപരിപാലനം, കൊയ്ത്ത് എന്നിങ്ങനെ എല്ലായ്പ്പോഴും അയൽകർഷകരുമായി ബന്ധപ്പെട്ടുകൊണ്ട് മാത്രമേ നെൽകൃഷി ചെയ്യാനാകൂ. ഇതിനിടയിലുണ്ടാകുന്ന (സൗന്ദര്യ)പിണക്കങ്ങൾ, സാമൂഹിക ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനേ ഉതകിയിട്ടുള്ളൂ. സ്ത്രീകൾ തമ്മിൽ ആശയ വിനിമയം നടത്താനും ഈ കാർഷിക പ്രവർത്തനങ്ങൾ ഏറെ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടല്ലോ?

കാർഷികാധിഷ്ഠിത സമൂഹങ്ങളിൽ ഗൗരവമായ സാമൂഹിക സംഘർഷങ്ങൾ പരിമിതമായിരിക്കുമെന്നു പഠനങ്ങൾ വെളിപ്പെടുത്തുന്നു, പ്രത്യേകിച്ചും നെൽകൃഷി. ആരോഗ്യകരമായ സാമൂഹിക ജീവിതത്തിന് കൃഷി തന്നെയാണ് ഏറ്റവും അനുയോജ്യം. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഒട്ടുമിക്ക മാനസിക സാമൂഹിക പ്രശ്നങ്ങൾക്കും കാർഷികരംഗത്തേയ്ക്കുള്ള ചുവടുമാറ്റം പ്രതിവിധിയാവും. കാർഷികോൽപാദന പ്രക്രിയ ആദായകരമാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുമ്പോൾ തന്നെ, സാമ്പത്തിക നേട്ടങ്ങൾക്കല്ലാതെ കാർഷികരംഗത്തേക്ക് -പ്രധാനമായും നെൽകൃഷിയിലേക്ക് വരുന്നവരുണ്ട്. മറ്റ് മേഖലകളിൽനിന്നും ലഭിക്കാത്ത മാനസിക ഉല്ലാസം, ശുദ്ധമായ ഭക്ഷണം, പരിസരം എന്നിങ്ങനെ നെൽകൃഷിയിൽ നിന്നും ലഭിക്കാത്ത സേവനങ്ങൾ ഏറെ പ്രസകതമായ ഒരു കാലഘട്ടത്തിലാണ് നാമിന്ന്.

കാർഷികരംഗത്തിന്റെ, നെൽകൃഷിയുടെ പ്രാധാന്യം സാമ്പത്തിക മാനങ്ങൾമാത്രം കണക്കാക്കിയെങ്കിൽ ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക സേവനങ്ങളുടെ സാമ്പത്തിക മൂല്യവും സമൂഹം തിരിച്ചറിയുക. നിത്യഹരിത വനങ്ങളേക്കാളേറെ വിലമതിക്കുന്ന തണ്ണീർത്തടങ്ങളും റിസർവ്വ് വനങ്ങളേപ്പോലെ പരിഗണിക്കേണ്ടിയിരിക്കുന്നു. വയലേലകൾ ജീവന്റെ സുരക്ഷയാണ്. വയലുകളില്ലാതെ വലയുന്ന മനുഷ്യകുലമായി നാം പരിണമിക്കുമോ? ■